പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3014

15..12.2015 ൽ മറുപടിയ്ക്ക്.

# നദികളിലെ സാൻഡ് ഓഡിറ്റിംഗ്

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റിവർ ബാങ്ക് അറ്റലസും സാൻഡ് ഓഡിറ്റിംഗും എത്ര നദികളിൽ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനു മേൽനോട്ടം വഹിച്ചതാരാണ്; | (എ) | നെയ്യാർ, കരമന, കല്ലട, ഇത്തിക്കര, ചാലക്കുടി, അഞ്ചരക്കണ്ടി, കബനി, ചന്ദ്രഗിരി എന്നീ നദികളുടെ റിവർബാങ്ക് അറ്റലസും, കബനി, വാമനപുരം, നെയ്യാർ, പെരിയാർ, പമ്പ, കല്ലട, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ചന്ദ്രഗിരി, കുറ്റ്യാടി, അഞ്ചരക്കണ്ടി, കരുവന്നൂർ, ഇത്തിക്കര എന്നീ നദികളുടെ സാന്റ് ആഡിറ്റ് റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. സ.ഉ(എം.എസ്) 338/12/റവ തീയതി 12..09..2012 പ്രകാരം സംസ്ഥാനത്തിലെ 20 നദികളിലെ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിനായി സ്വകാര്യ ഏജൻസികളെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇവയിൽ |

| | | | |
|---|---|---|---|
| | | | മേൽപ്പറഞ്ഞ 14 നദികളിലെ സാന്റ് ആഡിറ്റിംഗ് പൂർത്തിയാക്കി റിപ്പോർട്ട് NCESS/ CWRDM പരിശോധിച്ച ശേഷം റിവർ മാനേജ്മെന്റ് സെല്ലിന്റെ ശുപാർശയോടെ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും, സർക്കാർ ഈ റിപ്പോർട്ട് വിശദമായി പരിശോധിച്ച് 14 നദികളിലെ മണൽ ലഭ്യത സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പുഴകളിലാണ് റിവർബാങ്ക് അറ്റലസും സാൻഡ് ഓഡിറ്റിംഗും പൂർത്തിയാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ ചന്ദ്രഗിരിപ്പുഴയുടെ റിവർബാങ്ക് അറ്റ്ലസും സാൻഡ് ഓഡിറ്റിംഗ് റിപ്പോർട്ടും പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | ചന്ദ്രഗിരിപ്പുഴയിൽ എത്ര അനധികൃത കടവുകൾ ഉണ്ട്; പ്രസ്തുത കടവുകളിലെല്ലാം സാൻഡ് ഓഡിറ്റിംഗ് സർവ്വേ നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?; | (സി) | ചന്ദ്രഗിരിപ്പുഴയിൽ അനധികൃത കടവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ